**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2172** **13-09-2023 - ൽ മറുപടിയ്ക്ക്**

**ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം പൂർണ്ണ തോതിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്; പ്രസ്തുത സംവിധാനം എല്ലാ വകുപ്പുകളിലും നടപ്പിലാക്കുവാൻ സർക്കാർ നൽകിയ നിർദ്ദേശങ്ങളും സമയ പരിമിതികളും ചില വകുപ്പുകൾ ഇനിയും പാലിച്ചിട്ടില്ലെന്നത് ഗൗരവമായി കാണുമോ; | (എ) | എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും കീഴിലുള്ള വിവിധ ഓഫീസുകളിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സമയബന്ധിതമായി ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; സർക്കാർ നിർദ്ദേശങ്ങൾ അവഗണിച്ച് പഞ്ചിംഗ് സംവിധാനം നടപ്പാക്കാത്ത വിവിധ വകുപ്പ് മേധാവികൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (ബി) | 2023 ആഗസ്റ്റ് 1 മുതൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ച് സ്പാർക്കുമായി ബന്ധിപ്പിക്കുവാനാണ് അവസാനമായി നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ എല്ലാ ഓഫീസുകളിലും ഒരുമിച്ച് മെഷിനുകൾ സ്ഥാപിക്കേണ്ടിവരുന്നത് മൂലം കാലതാമസം നേരിടുന്നുണ്ട്. ഇത് നടപ്പാക്കുന്നതിൽ വകുപ്പ് മേധാവികളുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ